## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 253** **22-02-2022 - ൽ മറുപടിയ്ക്ക്**

## കോവിഡാനന്തര ചികിത്സ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡാനന്തരം ഉണ്ടാകുന്ന പ്രയാസങ്ങൾ മൂലം നിരവധിയാളുകൾ ആത്മഹത്യ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ് വൈറസ് ബാധിച്ചവരിൽ പോസ്റ്റ്കോവിഡ് സിൻഡ്രോമിന്റെ ഭാഗമായി ഉറക്കക്കുറവ്, ഉത്കണ്ഠ, വിഷാദം തുടങ്ങിയ പ്രശ്നങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോവിഡ് കാലയളവിൽ ആത്മഹത്യകളുടെ എണ്ണം മുൻവർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുള്ളതായാണ് കാണുന്നത്. |
| (ബി) | വിഷാദം, മാനസിക പ്രശ്നങ്ങൾ എന്നിവ ഉള്ളവർ കോവിഡ് കാലത്തെ ഒറ്റപ്പെടലും, പിരിമുറുക്കവും അവഗണനയും കാരണം ആത്മഹത്യയിലേക്ക നയിക്കപ്പെടുന്ന പ്രവണത പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് മാനസിക-സാമൂഹിക പിന്തുണ നൽകുന്നതിനായി സർക്കാർ 'ഒറ്റയ്ക്കല്ല ഒപ്പമുണ്ട്' - സൈക്കോ സോഷ്യൽ സപ്പോർട്ട് സേവനങ്ങൾ 2020 ഫെബ്രുവരി മുതൽ നൽകി വരുന്നു. ഇതിന്റെ ഭാഗമായി സൈക്യാട്രിസ്റ്റുകൾ, സൈക്യാട്രിക് സോഷ്യൽ വർക്കർമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ കൗൺസിലർമാർ എന്നിവരുൾപ്പെടെ മാനസികാരോഗ്യ പ്രവർത്തകർ ജില്ലാ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ഇവർ ക്വാറന്റൈൻ/ ഐസൊലേഷനിൽ കഴിയുന്ന വ്യക്തികൾക്ക് സൈക്കോ സോഷ്യൽ സപ്പോർട്ട് സേവനങ്ങൾ നൽകുന്നു. കൂടാതെ മനോരോഗ ചികിത്സയിൽ ഇരിക്കുന്നവർ, ഭിന്നശേഷി കുട്ടികൾ, അതിഥി തൊഴിലാളികൾ, ഒറ്റയ്ക്ക് കഴിയുന്ന വയോജനങ്ങൾ എന്നിവർക്കും ലോക്ക് ഡൗൺ സമയത്ത് സൈക്കോ സോഷ്യൽ സപ്പോർട്ട് കോളുകൾ നൽകിയിട്ടുണ്ട്. കൊറോണ രോഗ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനായി ടെലി കൗൺസിലിംഗ്, സ്കൂൾ കുട്ടികളുടെ മാനസിക സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സൈക്കോ സോഷ്യൽ സപ്പോർട്ട്/കൗൺസിലിംഗ് കോളുകൾ തുടങ്ങിയവ നൽകുന്നു. ഇതുവരെ എല്ലാ വിഭാഗത്തിനുമായി 1,39,77,903 സൈക്കോ സോഷ്യൽ സപ്പോർട്ട് / |

| | | | |
|---|---|---|---|
| | | | കൗൺസിലിംഗ് കോളുകൾ ടീം സംസ്ഥാനമൊട്ടാകെ നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ